# അഞ്ചാമത്
# അന്താരാഷ്ട്ര കേരളപഠന
# കോൺഗ്രസിനു
# മുന്നോടിയായി




## ദ്വിദിന സെമിനാർ

# കേരളത്തിലെ
# ആരോഗ്യമേഖല

**2023 സെപ്റ്റംബർ 9-10**

**സി.എം.എസ്. കോളേജ്, കോട്ടയം**

ടി.കെ. സ്മാരക പഠനഗവേഷണകേന്ദ്രം, കോട്ടയം

എ.കെ.ജി. പഠനഗവേഷണകേന്ദ്രം

02.08.2023

പ്രിയ സുഹൃത്തേ,

കേരളത്തിലെ ആരോഗ്യമേഖലയുടെ കാര്യക്ഷമതയും സേവനഗുണമേന്മയും വർദ്ധിപ്പിക്കുവാൻ വിശദമായ ചർച്ചകൾക്ക് വേദിയൊരുക്കുന്നു. ദ്വിദിന സെമിനാർ 2023 സെപ്റ്റംബർ 9, 10 തീയതികളിൽ കോട്ടയത്ത് സംഘടിപ്പിക്കുകയാണ്. 2024-ൽ നടക്കുന്ന അന്താരാഷ്ട്ര കേരള പഠന കോൺഗ്രസിന്റെ തയ്യാറെടുപ്പിന്റെ ഭാഗമായാണ് ഈ സെമിനാർ സംഘടിപ്പിക്കുന്നത്.

1996-ൽ തുടക്കം കുറിച്ച ജനകീയാസൂത്രണ പരിപാടിയുടെ ഭാഗമായി ആരോഗ്യമേഖലയിൽ അധികാരവികേന്ദ്രീകരണം നടപ്പിലാക്കിയതിനെ തുടർന്ന് 1980-കൾ മുതൽ മുരടിച്ച് നിന്നിരുന്ന സർക്കാർ ആശുപത്രികളുടെ ഗുണനിലവാരവും കാര്യക്ഷമതയും വളരെ മെച്ചപ്പെട്ടു. ജില്ലാ ആശുപത്രികൾ വരെ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലേക്ക് മാറ്റിയതോടെ ഉയർന്ന തലത്തിലുള്ള മെഡിക്കൽ കോളേജുകളുടെയും മറ്റും വികസനം ത്വരിതപ്പെടുത്താൻ ആരോഗ്യവകുപ്പിന് കഴിഞ്ഞു. 2016-ൽ ആരംഭിച്ച ആർദ്രം മിഷൻ പദ്ധതിയും അതിന്റെ തുടർച്ചയും സർക്കാർ ആരോഗ്യ സംവിധാനങ്ങളുടെ സേവന നിലവാരത്തിൽ വലിയകുതിച്ചുചാട്ടത്തിന് കാരണമായിട്ടുണ്ട്. 1980-കളിൽ മുപ്പതിൽ താഴെ ശതമാനം പേർ മാത്രം സർക്കാർ ആശുപത്രി സേവനം പ്രയോജനപ്പെടുത്തിയിരുന്നത് ഇപ്പോൾ 60-70 ശതമാനമായി വർധിച്ചിരിക്കയാണ്.

എങ്കിലും കേരളത്തിലെ ആരോഗ്യമേഖല നിരവധി പ്രശ്നങ്ങളെയും നേരിട്ടുവരുന്നുണ്ട്. വർധിച്ച് വരുന്ന രോഗാതുരതയും ആരോഗ്യചെലവിലെ വർധനയുമാണ് ഇവയിൽ പ്രധാനം. അതേയവസരത്തിൽ ഇപ്പോൾ സർക്കാർ നടപ്പിലാക്കിവരുന്ന പദ്ധതികളും പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സംരംഭങ്ങളും വലിയ പ്രതീക്ഷ നൽകുന്നുമുണ്ട്. ഇതെല്ലാം പരിശോധിച്ച് കേരളം നേരിടുന്ന ആരോഗ്യവെല്ലുവിളികൾക്കുള്ള പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുകയാണ് ആരോഗ്യ സെമിനാറിന്റെ ലക്ഷ്യം.

താങ്കൾക്ക് പ്രാഗത്ഭ്യമുള്ള ഒരു വിഷയത്തിൽ പ്രബന്ധം അവതരിപ്പിക്കുന്നതിനും സെമിനാർ ചർച്ചകളിൽ പങ്കാളിയാകുന്നതിനും സാദരം ക്ഷണിക്കുന്നു.

**എസ്. രാമചന്ദ്രൻ പിള്ള**
ചെയർമാൻ

**ഡോ. റ്റി.എം. തോമസ് ഐസക്ക്**
സെക്രട്ടറി

പഠനകോൺഗ്രസ്സ് അക്കാദമികസമിതി

**ഡോ. ബി. ഇക്ബാൽ**
ചെയർമാൻ

**ഡോ. പി.കെ. ജമീല**
കൺവീനർ

സെമിനാർ അക്കാദമിക് സമിതി ആരോഗ്യമേഖല

# സെമിനാർ ചർച്ച ചെയ്യുന്ന പൊതുവിഷയങ്ങൾ

- പ്രാഥമിക കുടുംബാരോഗ്യ കേന്ദ്രങ്ങൾ
- കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ
- താലൂക്ക്-ജില്ലാ ആശുപത്രികൾ
- മെഡിക്കൽ കോളേജ് ആശുപത്രികൾ
- സഹകരണ - ഇഎസ്ഐ ആശുപത്രികൾ
- സ്വകാര്യ ആശുപത്രികളുടെ പങ്ക്
- മെഡിക്കൽ വിദ്യാഭ്യാസം (സർക്കാർ-സ്വകാര്യ മെഡിക്കൽ കോളേജുകൾ)
- നഴ്സിംഗ്, ഫാർമസി, പാരാമെഡിക്കൽ വിദ്യാഭ്യാസം
- കേരള ആരോഗ്യസർവകലാശാലയുടെ പ്രവർത്തനം
- അപകടങ്ങളെ തുടർന്നുണ്ടാകുന്ന ആരോഗ്യപ്രശ്നനങ്ങൾ
- നിലവിൽ നടന്നുവരുന്ന സംസ്ഥാന സർക്കാർ പദ്ധതികൾ
- ഡിജിറ്റൽ ഹെൽത്ത്, ടെലിമെഡിസിൻ
- ഹെൽത്ത് ഇൻഫർമേഷൻ സംവിധാനം
- ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആരോഗ്യമേഖലയിൽ
- ആരോഗ്യ മേഖലയിലെ മാതൃകാ പ്രവർത്തനങ്ങൾ (സ്ഥാപനങ്ങളുടെയും ഡിപ്പാർട്ട്മെന്റുകളുടെയും)
- ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ്
- കേന്ദ്രസർക്കാർ പദ്ധതികൾ
- തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും ആരോഗ്യമേഖലയും
- കേരളത്തിലെ ഉയർന്ന രോഗാതുരത നിയന്ത്രണം (പകർച്ചവ്യാധികൾ, ദീർഘസ്ഥായി രോഗങ്ങൾ, മാനസികരോഗങ്ങൾ)
- മുതിർന്ന പൗരന്മാരുടെ ആരോഗ്യപ്രശ്നങ്ങൾ
- പ്രാന്തവൽക്കരിക്കപ്പെട്ടവരുടെ ആരോഗ്യം (ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ, ട്രാൻസ് ജെൻഡറുകൾ)
- ഭിന്നശേഷിക്കാർക്കുള്ള സംരക്ഷണ പദ്ധതികൾ
- അതിഥിസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യം
- ആരോഗ്യചെലവിലെ വർദ്ധന
- ആരോഗ്യ ഇൻഷ്വറൻസുകൾ: കാസ്പ്, മെഡിസെപ് തുടങ്ങിയവ
- കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്
- സാന്ത്വാന പരിചരണ സംവിധാനങ്ങൾ
- ആയുഷ് മേഖലയുടെ നവീകരണവും വികസനവും
- ആയുഷ് മെഡിക്കൽ വിദ്യാഭ്യാസം
- ആയുർവേദ ഗവേഷണം
- ഔഷധ നിർമ്മാണവും മെഡിക്കൽ ഉപകരണങ്ങളുടെ ഉല്പാദനവും
- പൊതുജനാരോഗ്യനിയമങ്ങൾ
- ആരോഗ്യമേഖലയിലെ ധനവിനിയോഗം
- കാലാവസ്ഥാവ്യതിയാനം, ഏകലോകം ഏകാരോഗ്യം

മുകളിൽ നൽകിയിട്ടുള്ളവയ്ക്കും പുറമെ, ഈ ചർച്ചയ്ക്ക് അനുയോജ്യമായ വിഷയങ്ങളിലും പ്രബന്ധങ്ങൾ തയ്യാറാക്കി നൽകാവുന്നതാണ്.

## തുറന്ന സെമിനാർ

ഇതൊരു തുറന്ന സെമിനാറാണ്. ഏതാരാൾക്കും താല്പര്യമുള്ള മേഖലയിൽ പ്രബന്ധങ്ങൾ നൽകാവുന്നതാണ്. വിവിധ വിഷയമേഖലകളിലെ വിദഗ്ധർ, ഗവേഷകർ, സ്ഥാപനങ്ങൾ, മുൻകാല പ്രവർത്തകർ, വിദ്യാർത്ഥികൾ, സാമൂഹ്യരാഷ്ട്രീയ പ്രവർത്തകർക്കും പ്രബന്ധങ്ങൾ തയ്യാറാക്കി നൽകാം. അക്കാദമിക് കമ്മിറ്റിക്കു പ്രബന്ധങ്ങളുടെ അക്കാദമിക് യോഗ്യത പരിശോധിക്കുവാനുള്ള അവകാശം ഉണ്ടായിരിക്കും. കഴിയുന്നത്ര വ്യത്യസ്ത അഭിപ്രായങ്ങൾ ഉൾച്ചേർക്കാനാണ് ഞങ്ങൾ ശ്രമിക്കുന്നത്.

## സമയക്രമം

- പ്രബന്ധം അവതരിപ്പിക്കാൻ താൽപ്പര്യപ്പെടുന്നവർ 2023 ആഗസ്റ്റ് 15-നകം സംഗ്രഹം സമർപ്പിക്കണം.
- വിശദമായ പ്രബന്ധം 2023 ആഗസ്റ്റ് 25-നകം സംഘാടകസമിതിക്കു ലഭ്യമാക്കണം.

പ്രബന്ധാവതാരകർ ആഗസ്റ്റ് 15-നു മുമ്പ് 200-300 വാക്കുകളിൽ അധികരിക്കാത്ത സംഗ്രഹം ഇ-മെയിലിൽ (info@akgcentre.in / convenorhealth@gmail.com) ലഭ്യമാക്കേണ്ടതാണ്. ആഗസ്റ്റ് 25-നു മുമ്പ് പ്രബന്ധങ്ങളുടെ പൂർണരൂപം നൽകണം. പ്രബന്ധങ്ങളുടെ പൂർണരൂപം പഠനകോൺഗ്രസിന്റെ വെബ്സൈറ്റിൽ നൽകുന്നതാണ്. സംഗ്രഹങ്ങളും മുഖ്യപ്രഭാഷണങ്ങളും അച്ചടിച്ച് ലഭ്യമാക്കും.

## രജിസ്ട്രേഷൻ

സെമിനാറിൽ പെങ്കടുക്കുവാൻ ആഗ്രഹിക്കുന്നവർ http://akgcentre.in എന്ന വെബ്സൈറ്റിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. സെമിനാറിൽ പെങ്കടുക്കുന്നവർക്ക് 500 രൂപയാണ് രജിസ്ട്രേഷൻ ഫീസ്. വിദ്യാർത്ഥികൾക്ക് 250 രൂപ. സ്ഥാപനങ്ങൾക്ക് 2000 രൂപ (മൂന്ന് പേർക്ക് പങ്കെടുക്കാം). പ്രബന്ധാവതാരകർക്കും പ്രത്യേക ക്ഷണിതാക്കൾക്കും ഫീസ് ഒഴിവാക്കുന്നതാണ്. താമസം, ഭക്ഷണം, പ്രബന്ധങ്ങൾ അടങ്ങിയ കിറ്റും ലഭ്യമാക്കുന്നതാണ്.

**ഡോ. പി.കെ. ജമീല**
9447737579 ◆ convenorhealth@gmail.com
e-mail: info@akgcentre.in
website: **http://akgcentre.in**